21/03/22

DESPATCHED
On..25/03/22



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.1985(4)/*2020/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.15140/*എസ്.ഐ.സി–ജി 2/2020*)**
**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**
(തീയതി **22.03.2022**)

ശ്രീ. സോമനാഥൻ,
എസ്.എൻ ഹൗസ്,
ചിറ്റാർ പി.ഒ,
പത്തനംതിട്ട.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   താലൂക്ക് സപ്ലൈ ഓഫീസർ,
   താലൂക്ക് സപ്ലൈ ഓഫീസ്,
   കോന്നി, പത്തനംതിട്ട.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   ജില്ലാ സപ്ലൈ ഓഫീസർ,
   ജില്ലാ സപ്ലൈ ഓഫീസറുടെ കാര്യാലയം,
   ജില്ലാ കളക്ടറേറ്റ് നാലാംനില, പത്തനംതിട്ട.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കോന്നി താലൂക്ക് സപ്ലൈ ഓഫീസിലെ എസ്.പി.ഐ.ഒ ആയ ഒന്നാം എതിർകക്ഷിക്ക് 15.07.2020 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ ടി ഓഫീസിലെ ചില റേഷൻ കാർഡുകളുടെ വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് കൃത്യമായി ലഭിച്ചില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് ടിയാൻ 26.12.2020 ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം രണ്ടാം എതിർകക്ഷി 03.04.2021 ൽ കമ്മീഷന് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"ശ്രീ. സോമനാഥൻ വ്യക്തതയില്ലാത്ത ചോദ്യങ്ങൾ ചോദിച്ചതാണ് പരാതിക്ക് ആധാരമായത്. കൂടുതൽ വിവരങ്ങൾക്ക് ചോദ്യങ്ങളിൽ വ്യക്തത വരുത്തി ഫയൽ ചെയ്യണമെന്ന് അപ്പീൽ ഹർജിക്കാരനെ അറിയിച്ചിരുന്നതാണ്. ടി അപേക്ഷകൻ നിരവധി അപേക്ഷകൾ വ്യക്തതയില്ലാതെ വിവിധ ഘട്ടങ്ങളിൽ ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ടിരിക്കുന്നത്, ഏത് അപേക്ഷയിൻമേലുള്ള ആക്ഷേപമാണെന്ന് രേഖപ്പെടുത്തി കാണുന്നില്ല. ഓരോ അപേക്ഷയോടൊപ്പവും ടിയാൻ ബന്ധമില്ലാത്ത ഒരുപാട് വിവരങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നു. ഇത് അപ്പീൽ തീർപ്പാക്കുന്നതിൽപ്പോലും സങ്കീർണതകൾ സൃഷ്ടിച്ചിട്ടുണ്ട്. ടിയാൻ 26.12.2020 ൽ കമ്മീഷന് സമർപ്പിച്ച അപ്പീലിലും, സിവിൽ സപ്ലൈസുമായി ബന്ധമില്ലാത്ത കുറെ രേഖപ്പെടുത്തലുകൾ കാണുന്നു. ആവശ്യം എന്തെന്ന് വ്യക്തമാക്കാതെയാണ് ഇവ രേഖപ്പെടുത്തിയിരിക്കുന്നത്. റേഷൻ കാർഡ് സംബന്ധമായ വിവരങ്ങൾ, തിരുത്തലുകൾ, പുതിയ റേഷൻ കാർഡ് ലഭ്യമാക്കൽ തുടങ്ങിയവ എല്ലാം കംപ്യൂട്ടർ അധിഷ്ഠിതമായെങ്കിലും ഇതെല്ലാം പൊതുജനങ്ങൾക്ക് പൂർണ്ണമായി ലഭ്യമാകുന്ന രീതിയിലേക്ക് മാറ്റിയിട്ടില്ല. എങ്കിലും, നിലവിൽ civil supplies kerala.gov.in എന്ന വെബ്സൈറ്റിൽ ഹോം പേജിൽ നിന്നും റേഷൻ കാർഡ് ഡീറ്റെയിൽസ് എന്ന ഓപ്ഷനിൽ കാർഡ് നമ്പർ രേഖപ്പെടുത്തി സബ്മിറ്റ് ചെയ്താൽ കാർഡിൽ ഉൾപ്പെട്ടിരിക്കുന്ന അംഗങ്ങൾ, റേഷൻ കാർഡ് ഉടമ, അവരുടെ ആധാർ ലിങ്ക് ചെയ്തിട്ടുണ്ടോ, ഏത് വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ആണ്, റേഷൻ കട നമ്പർ എന്നിവ മനസിലാക്കാവുന്നതും, പ്രിന്റ് എടുക്കാവുന്നതും ആണ്. ഇതേ വിവരങ്ങൾ തന്നെ ഈ വെബ്സൈറ്റിലെ Aepds ഓപ്ഷനിലെ beneficiary details റേഷൻ കാർഡ് നമ്പർ രേഖപ്പെടുത്തി സബ്മിറ്റ് ചെയ്യുമ്പോഴും ലഭിക്കുന്നതാണ് അംഗങ്ങൾ, അവരുടെ പ്രായം എന്നിവയും ഇതിൽ നിന്ന് ലഭ്യമാണ്. എന്നാൽ നിലവിൽ റേഷൻ

കാർഡ് print out ഈ വെബ്സൈറ്റിൽ ലഭ്യമല്ല. റേഷൻ കാർഡ് print out, ആധാർ നമ്പർ എന്നിവ ബന്ധപ്പെട്ടവരുടെ അനുവാദം ഇല്ലാതെ ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യത്തിൽ തീരുമാനം ആകാത്തതിനാലാണ് ആധാർ നമ്പർ, റേഷൻ കാർഡിന്റെ പൂർണ്ണ രൂപത്തിലുള്ള പ്രിന്റ് എന്നിവ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം നിലവിൽ ലഭ്യമാക്കാത്തത്"

3. ഇതിനുശേഷം കമ്മീഷൻ 21.03.2022 ൽ പത്തനംതിട്ട റസ്റ്റ് ഹൗസിൽ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

4. തന്റെ അപേക്ഷ അവ്യക്തത നിറഞ്ഞതാണെന്ന ഒന്നാം എതിർകക്ഷിയുടെ വാദം നിലനിൽക്കുന്നതല്ലെന്നും, അങ്ങനെ അവ്യക്തത ഉണ്ടെങ്കിൽ അപേക്ഷൻ ആയ തന്നെ വിളിച്ച് അക്കാര്യം ബോധ്യപ്പെടുത്തി അവ്യക്തത പരിഹരിച്ച് മറുപടി നൽകുകയാണ് ഒന്നാം എതിർകക്ഷി ചെയ്യേണ്ടിയിരുന്നതെന്ന് അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. താൻ 15.11.2020 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ 2014 ൽ നൽകിയ വിവരാവകാശ അപേക്ഷയെപ്പറ്റി പറഞ്ഞിട്ടുള്ളത് ശരിയായ കാര്യമല്ലെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. 1315037141 എന്ന നമ്പരിൽ ആറുപേർ ഉൾപ്പെട്ട റേഷൻ കാർഡിൽ നിന്ന് ശ്രീ. രാജീവ് കുമാർ, ശ്രീ. അഭിഷേക്, ശ്രീമതി. അമൃത എന്നിവരുടെ പേരുകൾ കുറവു ചെയ്യാതെ മറ്റൊരു പഴയ കാർഡിന്റെ നമ്പറുമായി ബന്ധപ്പെടുത്തി (കാർഡ് നമ്പർ 1373032520) പുതിയ കാർഡ് നൽകിയെന്നും, ടി പഴയ കാർഡ് ശ്രീമതി. സോഫി തോമസിന്റെ പേരിലുള്ളതാണെന്നും, ഈ കാർഡുമായി ബന്ധപ്പെട്ട് നേരത്തെ സൂചിപ്പിച്ച വ്യക്തികൾക്ക് അവർ ഉൾപ്പെട്ട കാർഡിൽ നിന്ന് കുറവുചെയ്യാതെ പുതിയ കാർഡ് നൽകിയതിൽ ദുരൂഹത ഉണ്ടെന്നും, ഇതിലെ കള്ളക്കളി പുറത്തുകൊണ്ടു വരുന്നതിനാണ് വിവരാവകാശ അപേക്ഷ നൽകിയിട്ടുള്ളതെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

5. കാർഡിൽ കുറവു ചെയ്യുന്നതും, പുതിയ കാർഡു നൽകുന്നതും ഒക്കെ ഇപ്പോൾ ഓൺലൈൻ ആയിട്ടാണെന്നും, ഇങ്ങനെ ഒന്നുവരാൻ പാടില്ലാത്തതാണെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു. എന്നാൽ എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു

എന്നതിന് കൃത്യമായ വിശദീകരണം നൽകാൻ ഒന്നാം എതിർകക്ഷിക്ക് ഹിയറിംഗിൽ കഴിഞ്ഞില്ല.

6. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരൻ പറയുന്ന കാര്യങ്ങൾ വസ്തുതാപരവും യുക്തിസഹവുമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഓൺലൈൻ ആയിട്ടാണെങ്കിൽപ്പോലും, അടിസ്ഥാന രേഖകളുടെ പിൻബലമില്ലാതെ പുതിയ കാർഡ് നൽകുക എന്നുപറഞ്ഞാൽ, അനധികൃതമായി റേഷൻ കാർഡു നൽകി എന്നു തന്നെ വേണം അനുമാനിക്കാൻ. ഒന്നാം എതിർകക്ഷിയുടെ ഓഫീസിലെ ഇത്തരം അനധികൃത നടപടികൾ പുറത്തുകൊണ്ടുവരുന്നതിനാണ് അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷ നൽകിയിരിക്കുന്നത് എന്നതുകൊണ്ട് അപേക്ഷകന്റെ ആവശ്യം ഗൗരവതരമാണ്. ഇതിനെ കേവലം സാങ്കേതികയുക്തി പറഞ്ഞ് യഥാർത്ഥ വിവരങ്ങൾ നൽകാതിരിക്കാനാണ് എതിർകക്ഷികൾ ശ്രമിച്ചിട്ടുള്ളത് എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

7. ആയതുകൊണ്ട് ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളും രേഖകളുടെ പകർപ്പുകളും, പൂർണ്ണമായ കൃത്യതയോടെ ടിയാന് പൂർണ്ണമായും സൗജന്യമായും നൽകേണ്ടതാണ്. കാർഡ് നൽകിയതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത് അടിയന്തിരമായി തിരുത്തി കൃത്യമായ വിവരങ്ങൾ അപേക്ഷകന് നൽകാനും ഒന്നും രണ്ടും എതിർകക്ഷികൾ തയ്യാറാകണം. അപേക്ഷ സമർപ്പിക്കപ്പെട്ട കാലയളവിൽ കൃത്യമായ മറുപടി നൽകാതെ, സാങ്കേതികമായി മാത്രം മറുപടി നൽകി, വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യ്ക്കെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും ഉത്തരവു കൈപ്പറ്റി രണ്ടാഴ്ചക്കുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്.

8. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 22.03.2022 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**

**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re